**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2256** **05-02-2026 - ൽ മറുപടിയ്ക്ക്**

**അങ്കണവാടി സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അങ്കണവാടി സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിൽ ഇതുവരെ കൈവരിച്ച പുരോഗതി എന്താണെന്ന് വിശദമാക്കാമോ; | (എ) | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൻ അഭിയാൻ 2.0-ന്റെ ഭാഗമായി, ഐ.സി.ഡി.എസ് (ICDS) സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും തത്സമയ നിരീക്ഷണം (Real-time Monitoring) നടത്തുന്നതിനുമായി കേന്ദ്ര സർക്കാർ വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷനാണ് പോഷൻ ട്രാക്കർ. അങ്കണവാടികൾ വഴിയുള്ള സേവനങ്ങൾ സുതാര്യമാകുന്നതിനും അർഹരായ ഗുണഭോക്താക്കളിലേക്ക് ICDS സേവനങ്ങൾ എത്തുന്നുവെന്ന് ഉറപ്പാക്കാനും ഈ ഡിജിറ്റൽ സംവിധാനം സഹായിക്കുന്നു.<br><br>പോഷൻ ട്രാക്കർ നിലവിൽ 258 ഐ.സി.ഡി.എസ് പ്രോജക്ടുകളിലും ഉപയോഗിച്ചുവരുന്നു. പോഷൻ ട്രാക്കറിൽ ദിനംപ്രതി രേഖപ്പെടുത്താവുന്ന റിപ്പോർട്ടുകളായ ഡെയിലി മോണിട്ടറിംഗ്, AWC ഓപ്പറേഷണൽ സ്റ്റാറ്റസ്, ഹോം വിസിറ്റ്, SNP, ഫാമിലി സർവ്വേ, വളർച്ച നിരീക്ഷണ റിപ്പോർട്ട്, ജെസ്റ്റേഷണൽ വെയ്റ്റ് ഗൈൻ, FRS, ഗുണഭോക്താക്കൾ VHSND & CBE റഫറൽ രജിസ്റ്റർ, ദിവ്യാഗൻ, വേക്കൻസി ഡിറ്റെൽസ്, AWC ഇൻഫ്ര, ആപാർ എന്നിവ രേഖപ്പെടുത്തിവരുന്നു. കൂടാതെ മറ്റ് റിപ്പോർട്ടുകളായ കുത്തിവെപ്പ്, AWW & AWH മാരുടെ പെർഫോമൻസ്, ഇൻസന്റീവ്, AWC സ്റ്റാഫ്, സ്റ്റോക്ക് എന്നിവ മാസാടിസ്ഥാനത്തിലും രേഖപ്പെടുത്തിവരുന്നു. എന്നാൽ നിലവിൽ സാങ്കേതികവും, പ്രയോഗികവുമായ ബുദ്ധിമുട്ടുകൾ കാരണം മേൽപ്പറഞ്ഞ റിപ്പോർട്ടുകൾ 100% പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.<br><br>പോഷൻ ട്രാക്കർ ആപ്ലിക്കേഷനിൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുമായി (Infrastructure) ബന്ധപ്പെട്ട വിവരങ്ങൾ |

രേഖപ്പെടുത്തുന്ന നടപടി നിലവിൽ നൂറു ശതമാനം പൂർത്തികരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള ഭവന സന്ദർശനങ്ങൾ (Home Visit) 2025 ഡിസംബർ മാസത്തിൽ 93.51 ശതമാനം കൈവരിച്ചിട്ടുണ്ട്. പോഷൻ ട്രാക്കർ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള ഈ വിവരങ്ങളുടെ കൃത്യത (Data Accuracy) ഫീൽഡ് തലത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും വനിത ശിശു വികസന ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

ജില്ലകളിൽ നിന്നുള്ള ഈ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ 100% ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയ പ്രോജക്ടുകളുടെ കൃത്യമായ കണക്ക് ലഭ്യമാവുകയുള്ളൂ. രജിസ്റ്റർ ഡിജിറ്റലൈസേഷൻ പൂർത്തികരിക്കുന്നതിനുള്ള പ്രശ്നങ്ങളും നിലനിൽക്കുന്നു.

**പോഷൻ ട്രാക്കറിലെ സാങ്കേതിക പരിമിതികൾ**

- **Family Survey Register-** പോഷൻ ട്രാക്കറിൽ ഓരോ കുടുംബത്തെയും അംഗങ്ങളെയും തമ്മിൽ മാപ്പ് ചെയ്യുന്നതിനും വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നതിനും നിലവിൽ പരിമിതികളുണ്ട്. ആയതിനാൽ ഫിസിക്കൽ രജിസ്റ്റർ ഒഴിവാക്കാൻ സാധിക്കില്ല.
- **Supplementary Food Stock Register -** കേരളത്തിൽ പൂരക പോഷകാഹാര പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. ഓരോ പ്രദേശത്തും വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ അളവും ഇനവും വ്യത്യസ്തമാണ്. പോഷൻ ട്രാക്കറിൽ ഏകീകൃതമായ അളവുകൾ (പാക്കറ്റ്/ കിലോഗ്രാം) മാത്രമേ രേഖപ്പെടുത്താൻ സാധിക്കു എന്നതിനാൽ എല്ലാ വിവരങ്ങളും ഡിജിറ്റലായി ഉൾപ്പെടുത്താൻ സാധിക്കില്ല. കൂടാതെ, ഇവ ഓഡിറ്റ് സംബന്ധമായ കാര്യങ്ങൾക്ക് അത്യന്താപേക്ഷിതവുമാണ്. ആയതിനാൽ ഫിസിക്കൽ രജിസ്റ്റർ ഒഴിവാക്കാൻ സാധിക്കില്ല .
- **Immunization Register:** ആപ്ലിക്കേഷനിൽ മൂന്ന് മാസം മുമ്പ് വരെയുള്ള കുട്ടികളുടെ വിവരങ്ങൾ മാത്രമേ നിലവിൽ രേഖപ്പെടുത്താൻ കഴിയുന്നുള്ളൂ. അതിനാൽ 6 വയസ്സുവരെയുള്ള കുട്ടികളുടെ പൂർണ്ണമായ പ്രതിരോധ കുത്തിവയ്പ്പ് വിവരങ്ങൾക്കായി

| | | | |
|---|---|---|---|
| | | | ഫിസിക്കൽ രജിസ്റ്ററിനെ തന്നെ ആശ്രയിക്കേണ്ടി വരുന്നു. ആയതിനാൽ ഫിസിക്കൽ രജിസ്റ്റർ ഒഴിവാക്കാൻ സാധിക്കില്ല.<br>• **Referral Register:** നിലവിൽ തീവ്ര പോഷകാഹാരക്കുറവുള്ള (SAM) കുട്ടികളുടെ വിവരങ്ങൾ മാത്രമേ പോഷൺ ട്രാക്കറിൽ രേഖപ്പെടുത്താൻ സാധിക്കുന്നുള്ളൂ. മറ്റ് വിഭാഗങ്ങളിലെ റെഫറൽ വിവരങ്ങൾ ഇതിൽ ലഭ്യമല്ല. ആയതിനാൽ ഫിസിക്കൽ രജിസ്റ്റർ ഒഴിവാക്കാൻ സാധിക്കില്ല.<br>• **Home Visit, Pregnancy & Delivery, Pre-School Education, Growth Record of Children** എന്നീ രജിസ്റ്ററുകൾ ഡാറ്റാ കൃത്യത ഉറപ്പുവരുത്തുന്ന മുറയ്ക്ക് ഡിജിറ്റലൈസ് ചെയ്യാൻ സാധിക്കുന്നതാണ്. പ്രസ്തുത രജിസ്റ്ററുകളിലെ വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കുട്ടികളുടെ ആരോഗ്യ-പോഷണ വിഷയം സംബന്ധിച്ച വിവരശേഖരണത്തിനായി പുതിയ ഡിജിറ്റൽ പ്ലാറ്റ്ഫോം പുറത്തിറക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | (ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൻ അഭിയാൻ 2.0-ന്റെ ഭാഗമായി, ഐ.സി.ഡി.എസ് (ICDS) സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും തത്സമയ നിരീക്ഷണം (Real-time Monitoring) നടത്തുന്നതിനുമായി കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം വികസിപ്പിച്ച ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് 'പോഷൻ ട്രാക്കർ' (Poshan Tracker). അങ്കണവാടികൾ വഴിയുള്ള സേവന വിതരണം പൂർണ്ണമായും സുതാര്യമാക്കുന്നതിനും, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 0-6 വയസ്സുവരെയുള്ള കുട്ടികൾ എന്നീ അർഹരായ ഗുണഭോക്താക്കളിലേക്ക് ഐ.സി.ഡി.എസ് സേവനങ്ങൾ എത്തുന്നുവെന്ന് ഉറപ്പാക്കാനുമാണ് ഈ സംവിധാനം ലക്ഷ്യമിടുന്നത്.<br><br>പ്രസ്തുത പോഷൻ ട്രാക്കർ ആപ്ലിക്കേഷൻ മുഖേന ലഭ്യമാകുന്ന ആരോഗ്യ പോഷണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• **ജെസ്റ്റേഷണൽ വെയ്റ്റ് ഗൈൻ** - പ്രസവ കാലഘട്ടത്തിൽ ഗർഭിണികളുടെ ശരീര ഭാരത്തിലെ വ്യത്യാസങ്ങൾ അങ്കണവാടി ജീവനക്കാർ പോഷൻ ട്രാക്കറിൽ രേഖപ്പെടുത്തുന്നതിന് അനുസരിച്ച് മനസ്സിലാക്കാൻ സാധിക്കുന്നു.<br>• **പ്രഗ്നൻസി & ഡെലിവറി** - പ്രസവ സംബന്ധമായ വിവരങ്ങളായ കുട്ടിയുടെ ലിംഗം, പ്രസവസ്ഥലം, still Birth വിവരങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | അങ്കണവാടി ജീവനക്കാർ പോഷൻ ട്രാക്കറിൽ രേഖപ്പെടുത്തുന്നതിന് അനുസരിച്ച് ലഭിക്കുന്നു.<br>• **LOW BIRTH WEIGHT (LBW) -** അതാത് അങ്കണവാടി ഏരിയയിൽ ജനിക്കുന്ന കുട്ടികളുടെ ജനന ഭാരം അങ്കണവാടി ജീവനക്കാർ രേഖപ്പെടുത്തുന്നതിനു അനുസരിച്ച് 2.5 kg ൽ താഴെ ജനന ഭാരമുള്ള കുട്ടികളെ കൃത്യമായി മനസ്സിലാക്കാൻ സാധിക്കുന്നു.<br>• **വളർച്ചാ നിരീക്ഷണവും പോഷണ നിലവാരവും** - 6 വയസ്സിൽ താഴെ പ്രായമുള്ള ഗുണഭോക്താക്കളുടെ വളർച്ചാ നിരീക്ഷണം അങ്കണവാടി ജീവനക്കാർ പോഷൻ ട്രാക്കറിൽ രേഖപ്പെടുത്തുന്നതിന് അനുസൃതമായി പോഷണ നിലവാരം (SAM, MAM, STUNTED, WASTED, UNDERWEIGHT, OVER WEIGHT, OBESE) മനസ്സിലാക്കുകയും റെഫറൽ ചെയ്യുന്നതിനും സാധിക്കുന്നു.<br>• **വാക്സിനേഷൻ -** ഗർഭിണികളുടെയും, കൗമാരക്കാരായ പെൺകുട്ടികളുടെയും, 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ വാക്സിനേഷൻ വിവരങ്ങൾ അങ്കണവാടി ജീവനക്കാർ പോഷൻ ട്രാക്കറിൽ രേഖപ്പെടുത്തുന്നതിന് അനുസരിച്ച് ലഭിക്കുന്നു.<br>• **അനീമിയ -** ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവരുടെ രക്തത്തിലെ ഹീമോഗ്ലോബിന്റെ തോത് അങ്കണവാടി ജീവനക്കാർ പോഷൻ ട്രാക്കറിൽ രേഖപ്പെടുത്തുന്നതിന് അനുസരിച്ച് ലഭിക്കുന്നു.<br>• **പോഷകാഹാര വിതരണം -** ഗുണഭോക്താക്കൾ ക്ക് നൽകുന്ന പോഷകാഹാര വിവരങ്ങൾ അങ്കണവാടി ജീവനക്കാർ പോഷൻ ട്രാക്കറിൽ രേഖപ്പെടുത്തുന്നതിന് അനുസരിച്ച് ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ